(ബി) പ്രസ്തുത റോഡ് പണി ടെണ്ടർ ചെയ്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഒന്നാം റീച്ച്	-	17-4-1998
രണ്ടാം റീച്ച്	-	26-2-1998
മൂന്നാം റീച്ച്	-	9-2-1999
നാലാം റീച്ച്	-	17-3-1999
അഞ്ചാം റീച്ച്	-	17-3-1999
ആറാം റീച്ച്	-	9-2-1999
അവസാന റീച്ച്	-	12-1-1999

(സി)

ഒന്നാം റീച്ച്	-	8-9-1998
രണ്ടാം റീച്ച്	-	23-9-1998
മൂന്നാം റീച്ച്	-	24-5-1999
നാലാം റീച്ച്	-	21-6-1999
അഞ്ചാം റീച്ച്	-	21-6-1999
ആറാം റീച്ച്	-	24-5-1999
അവസാന റീച്ച്	-	20-5-1999

(ഡി) ജില്ലാതല റോഡിന്റെ എസ്റ്റിമേറ്റ് തുക 195.12 ലക്ഷം രൂപയും ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ എസ്റ്റിമേറ്റ് തുക 1384 ലക്ഷം രൂപയുമാണ്.

(ഇ) 1997-98-ലെ ബഡ്ജറ്റിൽ 10 ലക്ഷം രൂപയുടേയും 1998-99-ലെ ബഡ്ജറ്റിൽ 100 ലക്ഷം രൂപയുടേയും പ്രൊവിഷൻ ഉണ്ടായിരുന്നു. 1999-2000-ലെ ബഡ്ജറ്റിലും 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(എഫ്) ചെർപ്പുങ്കൽ ബൈപ്പാസ് പണി 30-6-2000-ലും കിടങ്ങൂർ ബൈപ്പാസ് പണി 31-5-2000-ലും കിടങ്ങൂർ-കുമ്മണ്ണൂർ റീച്ചുകളുടെ പണി 30-4-2000-ലും പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

കോന്നി-തണ്ണിത്തോട്-ആങ്ങാമൂഴി റോഡ് പണി

121 (2101) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ശബരിമല പദ്ധതിയിൽപ്പെടുത്തി കോന്നി വടശ്ശേരിക്കര വഴി പമ്പയ്ക്കുള്ള റോഡിനു പകരമായി ഉപയോഗിക്കാവുന്നതും ദൂരം കുറവുള്ളതുമായ കോന്നി-തണ്ണിത്തോട്-ആങ്ങാമൂഴി റോഡിനെപ്പറ്റി സംസ്ഥാന നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്തെങ്കിലും സർവേ നടത്തുകയോ അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിന്റെ വികസനത്തെപ്പറ്റി നിയമസഭയിൽ മറുപടി നൽകിയതിൻപ്രകാരം എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഈ റോഡിന് വനംവകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി വനംവകുപ്പുമായി ബന്ധപ്പെടുമോ ;

(ഡി) ഈ റോഡ് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡിനെപ്പറ്റി നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് വിശദമായ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ച് വരുന്നു.

(സി) ഉണ്ട്. ഏകദേശം 2 കിലോമീറ്റർ ദൂരം വനംവകുപ്പിന്റെ അധീനതയിൽ ഉള്ളതാണ്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് വനംവകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭ്യമായി വനംവകുപ്പിൽ നിന്ന് സ്ഥലവും വിട്ടുകിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതാണ്.

മാരാമൺ-തടിയൂർ മരാമത്ത് റോഡിന്റെ പണി

122 (2102) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജക മണ്ഡലത്തിലെ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽപ്പെട്ട മാരാമൺ-തടിയൂർ പി.ഡബ്ലിയു.ഡി. റോഡിന്റെ മെറ്റലിംഗും ടാറിംഗും പണി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പണിക്കുവേണ്ടി എന്തു തുകയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) തിരുവല്ല കോഴഞ്ചേരി എന്നിവിടങ്ങളിൽ നിന്നും ചരൽകുന്നിലേക്ക് പോകുന്ന പ്രസ്തുത റോഡിന്റെ പണി കുറ്റമറ്റതായി നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ റോഡിന്റെ നിർമ്മാണം ഭംഗിയായി നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡ് 3-1999-ൽ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത റോഡിന്റെ അറ്റകുറ്റപണികൾ നടത്തേണ്ടത് ബന്ധപ്പെട്ട പഞ്ചായത്താണ്.

LIBRARY ARCHIVES Kerala Legislative Assembly